**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6248** **10-07-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണവും കൃഷി നശിപ്പിക്കലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തികളിൽ താമസക്കാർ നേരിടേണ്ടി വരുന്ന വന്യജീവി ആക്രമണവും കൃഷി നശിപ്പിക്കലും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വനത്തിനുള്ളിലെ അനിയന്ത്രിതമായ കാലിമേച്ചിൽ, കാടിനോട് ചേർന്ന് വർദ്ധിച്ചുവരുന്ന ജനസാന്നിദ്ധ്യം, സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ വനത്തിന്റെ ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നതും വന്യജീവികൾ കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങുന്നതിന് ഒരു പരിധിവരെ കാരണമാകുന്നതുമാണ്. കൂടാതെ വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ കൃഷി ചെയ്യുന്ന വിളകൾ ഭക്ഷണമാക്കുന്നതിനും പൊതുവെ വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങാറുണ്ട്. പ്രായാധിക്യം, പരിക്ക്, അസുഖങ്ങൾ എന്നിവ മൂലം ഇരപിടിക്കുവാൻ ബുദ്ധിമുട്ടുള്ള മാംസഭുക്കുകളും താരതമ്യേന എളുപ്പത്തിൽ പിടികൂടാവുന്ന വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിന് ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിൽ നിന്നും ജനങ്ങളെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിനായി പ്രത്യേകിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ലെങ്കിലും ഇതിലേക്കായി 620 കോടി രൂപയുടെ Financial Assistance നായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള ജനവാസ മേഖലയോട് ചേർന്ന് സൗരോർജ്ജ വേലി, ട്രഞ്ച്, ജൈവ വേലികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളിലൂടെയും ജനജാഗ്രത സമിതികളിലൂടെയും കൃത്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുകയും മനുഷ്യ-വന്യജീവി |

സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും, നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെ വനത്തിലേക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തുവരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2024 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (കൈ) 09/2024/വനം തീയതി 25-02-2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 21-05-2024 ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച ഉത്തരവായിട്ടുണ്ട്.

വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളല്ലാത്ത ആളുകളെ അവരുടെ സ്വയം സമ്മത പ്രകാരം വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നവകിരണം പദ്ധതി റീബിൽഡ് കേരള / കിഫ്ബി സഹായത്തോടെ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം ടിയാളുകളുടെ സ്വകാര്യ സ്ഥലം യൂണിറ്റ് അടിസ്ഥാനത്തിൽ വില നിർണ്ണയിച്ച് സർക്കാരിലേക്ക് ഏറ്റെടുക്കുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷമുള്ള സ്ഥലങ്ങളിൽ നിന്നും ടി ആളുകൾക്ക് സ്വയം ഒഴിഞ്ഞുപോകുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാകുന്നതിനും വഴിയൊരുക്കുന്നു.

മനുഷ്യ-വന്യമൃഗ സംഘർത്തിൽ പരിക്കേറ്റവരും മരണപ്പെട്ടവരുടെ ആശ്രിതരും കൃഷിനാശം സംഭവിച്ച കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുന്ന മുറയിൽ ചട്ടപ്രകാരം പരിശോധന

നടത്തി അർഹമായ നഷ്ടപരിഹാരം അനുവദിക്കുകയും ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറുകയും ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക്1980 ലെ 'കേരള റൂൾസ് ഫോർ പേയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളനുസരിച്ചാണ് നഷ്ടപരിഹാരം അനുവദിച്ച് വരുന്നത്.

മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച GO(MS) 04/24/ DMD dated 07-03-2024 നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് State Emergency Operation Centre (SEDC)-യും ഡിവിഷൻ തലത്തിൽ Division Emergency Operation Centre (DEOC) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള അടിയന്തര സാഹചര്യം ലഘൂകരിക്കുന്നതിനും പ്രശ്നപരിഹാരത്തിനും ചീഫ് വൈൽഡ്ലൈഫ് വാർഡനെ മനുഷ്യ-വന്യമൃഗ സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പാസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെ ആധുനിക വിവര-വിനിമയ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ച് വരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സ്ഥിരവും താൽക്കാലികവുമായ ഇരുപത്തിയെട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്.

വനത്തിനുള്ളിൽ അനുയോജ്യ സ്ഥാനങ്ങളിൽ കുളങ്ങൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ചും വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പു വരുത്തിയും, അക്കേഷ്യ, യൂക്കാലിപ്റ്റ്സ് മുതലായ വിദേശയിനം വൃക്ഷത്തോട്ടങ്ങൾ മുറിച്ചു നീക്കി

| | | | |
|---|---|---|---|
| | | | ഫലവൃക്ഷങ്ങളുൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷ ഇനങ്ങൾ നട്ടുപിടിപ്പിച്ച് പാരിസ്ഥിതിക പുനഃസ്ഥാപനം നടത്തി വന്യമൃഗങ്ങൾക്ക് ഭക്ഷ്യലഭ്യത ഉറപ്പ് വരുത്തിയും അവ ജനവാസ മേഖലയിൽ ഇറങ്ങുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഓരോ വർഷവും എത്ര വന്യജീവി ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർ വന്യജീവി ആക്രമണത്തിന് ഇരയായെന്നും എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്നും വ്യക്തമാക്കാമോ? | (സി) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിലെ ഓരോ വർഷത്തേയും വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

Annexure -6248

| വർഷം | വന്യജീവി ആക്രമണങ്ങളുടെ എണ്ണം | ജീവഹാനി സംഭവിച്ചവരുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം | കൃഷിനാശത്തിന്റെ എണ്ണം |
|---|---|---|---|---|
| 2019 | 6417 | 100 | 789 | 5528 |
| 2020 | 7203 | 100 | 1159 | 5944 |
| 2021 | 8170 | 127 | 1150 | 6893 |
| 2022 | 7515 | 111 | 1211 | 6193 |
| 2023 | 5500 | 85 | 817 | 4598 |
| **ആകെ** | **34805** | **523** | **5126** | **29156** |